





# 2025-26

# ACADEMIC MASTER PLAN

# GMUPS Melmuri

## ആമുഖം

മലപ്പുറം നഗരസഭയിലെ ഏക സർക്കാർ യു.പി സ്കൂളായ മേൽമുറി ജി.എം.യു.പി സ്കൂൾ സ്ഥാപിതമായിട്ട് 97 വർഷം പൂർത്തിയായി. ഈ സ്ഥാപനത്തിന്റെ തുടക്കം 1928 ഒക്റ്റോബർ ഒന്നിനായിരുന്നു. കളത്തിങ്ങൽതൊടി ഉണ്ണീൻ എന്ന പുളിക്കൽ മൊല്ലാക്കയുടെ ഓത്തുപള്ളിയിലാണ് അന്ന് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ഒന്നുമുതൽ അഞ്ച് ക്ലാസ്സുവരെ അടങ്ങുന്ന ലോവർ പ്രൈമറി സ്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ വീട്ടുമുറ്റത്തെ രണ്ടു കൊച്ചു ഓലപ്പുരയിൽ ഒതുങ്ങാത്ത സ്ഥിതി വന്നു. മേൽമുറിയിലെ പൊതുമരാമത്ത് കരാറുകാരനായ പി.പി.വീരാൻ ഹാജി യുടെ നല്ലമനസ്സുകൊണ്ട് കോണോംപാറ പെരുമ്പറമ്പ് ഇടവഴിക്കരികെ അധികാരിത്തൊടിയിൽ വീരാൻ ഹാജി സ്വന്തമായി ഭൂമി വാങ്ങി കെട്ടിടം നിർമ്മിച്ചു. 1957 ൽ ഇന്ന് നിലവിലുള്ള പുതിയ കെട്ടിടത്തിലേക്ക് സ്കൂൾ മാറ്റി.

സ്കൂൾ അപ്ഗ്രേഡ് ചെയ്തുകിട്ടണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടതിനെത്തുടർന്ന് അന്നത്തെ വിദ്യാഭ്യാസ ബോർഡ് പ്രസിഡണ്ടും വിദ്യാഭ്യാസ വിദഗ്ദനുമായ പി.ടി. ഭാസ്കരപണിക്കൽ ആ വർഷം തന്നെ സ്കൂൾ അപ്ഗ്രേഡ് ചെയ്തതായി ഉത്തരവ് നൽകി. അഞ്ചാം ക്ലാസ്സ് പൂർത്തിയാക്കിയ ഏതാനും വിദ്യാർത്ഥികളെ തേടിപ്പിടിച്ച് അതേ വർഷംതന്നെ ആറാം ക്ലാസ്സ് ആരംഭിച്ചു. ആദ്യകാലത്ത് എട്ടാം ക്ലാസ്സ് ഉണ്ടായിരുന്നെങ്കിലും പിന്നീട് അത് ഏഴാംക്ലാസ്സുവരെ പരിമിതപ്പെടുത്തി.

കാലക്രമേണ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതോടെ സ്ഥലപരിമിതി കാരണം 1987 ൽ സ്കൂളിൽ സെഷണൽ സമ്പ്രദായം കൊണ്ടുവന്നു. ഈ സമ്പ്രദായം സ്കൂളിന്റെ പഠന നിലവാരത്തെ ദോഷകര മായി ബാധിക്കുമെന്ന് മനസ്സിലാക്കിയ നാട്ടുകാർ ഇതവസാനിപ്പിക്കാൻ മാർഗ്ഗമാരാഞ്ഞു. 1995-96 മുതൽ ജില്ലയിൽ പ്രവർത്തനം ആരംഭിച്ച ഡി.പി.ഇ.പി യുടെ ഭാഗമായി കെട്ടിടം ലഭിക്കാനുള്ള സാഹചര്യം സംജാതമായി. പി.ടി.എ യുടെ ശ്രമഫലമായി 1997 ൽ 15 സെന്റ് സ്ഥലം വിലക്കുവാങ്ങി. 1999- ൽ 18 സെന്റ് കൂടി അതിനോട് കൂട്ടിച്ചേർത്തു. സ്വന്തമായി സ്ഥലം ലഭ്യമായതോടെ അഞ്ച് ക്ലാസ്സ്മുറികൾ നിർമ്മിക്കാൻ ഡി.പി.ഇ.പി യിൽ നിന്ന് ആറരലക്ഷം രൂപ അനുവദിച്ച് കിട്ടി. കെട്ടിട നിർമ്മാണം പൂർത്തി യായതോടെ 1998-99 ൽ സെഷണൽ സമ്പ്രദായം അവസാനിപ്പിക്കാനായി.

പിന്നീട് ഇ.അഹമ്മദ് എം.പി യുടെ ഫണ്ടിൽനിന്നും അനുവദിച്ച രണ്ട് ലക്ഷം രൂപയും ജനകീയസൂ ത്രണ ഫണ്ടിൽനിന്നും മലപ്പുറം നഗരസഭ അനുവദിച്ച രണ്ടരലക്ഷം രൂപയും ഉപയോഗിച്ച് 4 ക്ലാസ്സ് മുറി കൾ കൂടി ഡി.പി.ഇ.പി കെട്ടിടത്തിനു മുകളിൽ നിർമ്മിച്ചു.

2008 ൽ എം.പി അബ്ദുൾ സമദാനി എം.പി യുടെ ഫണ്ട് ഉപയോഗിച്ച് രണ്ട്ക്ലാസ്സ് റൂമും 2004 ൽ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് രണ്ട് ക്ലാസ്റൂമും നിർമ്മിച്ചു. പ്രാദേശിക ഫണ്ട് ഉപയോഗിച്ച് 2011 ൽ പ്രീപ്രൈമറി വിഭാഗം സ്കൂൾ ആരംഭിച്ചു. ഇപ്പോൾ 210 ൽപരം കുട്ടികൾ പ്രീപ്രൈമറിയിൽ പഠിക്കുന്നു. 2013 ൽ നഗരസഭയുടെ 12 ലക്ഷം രൂപ ചെലവഴിച്ച് മൂന്ന് ക്ലാസ്സ്റൂമുകൾ നിർമ്മിച്ചു. മൂന്നിടത്തായി വ്യാ പിച്ച് കിടക്കുന്ന സ്കൂളിന്റെ വിലയ ഒരുഭാഗം ഇപ്പോഴും വേണ്ടത്ര സൗകര്യമില്ലാത്ത വാടകകെട്ടിടത്തി ലാണ് പ്രവർത്തിക്കുന്നത്. മലപ്പുറം നഗരസഭ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ സ്കൂളായ ഇവിടെ ഇനിയും ധാരാളം പരിമിതികളുണ്ട്. നിലവിലുള്ള പഠന സൗകര്യങ്ങൾക്കനുസരി

ച്ചുള്ള സ്മാർട്ട് ക്ലാസ്സ്റുമോ ഭൗതിക സാഹചര്യങ്ങളോ ഒരുന്നുന്നതിന് ഇനിയും നമുക്കായിട്ടില്ല. കുട്ടികൾക്ക് കളിക്കാൻ ഗ്രൗണ്ടില്ലാത്ത ഏക യു.പി സ്കൂളും ഒരുപക്ഷേ ഇതായിരിക്കും.

സർക്കാരിന്റെയും നഗരസഭയുടെയും എം.എൽ.എ യുടെയും എം.പിയുടെയും എസ്.എസ്.എ യുടെയും നാട്ടുകാരുടെയും രക്ഷിതാക്കളുടെയും സഹകരണം ഉണ്ടാവണമെന്നും ഈ സ്ഥാപനത്തെ ഏറ്റവും ഉന്നത ശ്രേണിയിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| | | |
|---|---|---|
| കെട്ടിടം | : | എൽ.പി. സ്വന്തം കെട്ടിടം, യു.പി വാടക കെട്ടിടം |
| ലൈബ്രറി | : | ഭാഗികം |
| ലബോറട്ടറി | : | ഇല്ല |
| ടോയ്‌ലറ്റ് | : | 15 എണ്ണം |
| കുടിവെള്ള സൗകര്യം | : | 3 യൂണിറ്റ് |
| ഫർണിച്ചർ | : | ബെഞ്ച്, ഡെസ്ക്, അലമാര, മേശ |
| ഉപകരണങ്ങൾ | : | ടി.വി, കമ്പ്യൂട്ടർ, 5 ലാപ്ടോപ്പ്, പ്രൊജക്ടർ -3 |
| കളിസ്ഥലം | : | ഇല്ല |

## നിലവിലെ കമ്മറ്റികൾ

| | | |
|---|---|---|
| പി.ടി.എ പ്രസിഡന്റ് | : | ഷമീർ കപ്പൂർ |
| പി.ടി.എ വൈസ്പ്രസിഡന്റ് | : | അബ്ദുൾ ഹമീദ് കൂത്രാടൻ |
| എസ്.എം.സി ചെയർമാൻ | : | ഉബൈദ് പള്ളിത്തൊടി |
| എസ്.എം.സി വൈസ് ചെയർമാൻ | : | അർവർ റഷീദ് ബാഖവി |
| പി.ടി.എ മെമ്പർമാർ | : | അബ്ദുൾ മജീദ്, നാണത്ത് ശശിധരൻ, റഹിം കപ്പൂർ, ഷമീർ നാണത്ത്, മജീദ് കാരത്തൊടി, ശാലിനി.ഇ |
| എം.ടി.എ ചെയർമാൻ | : | ശാലിനി ഏറിയിൽ |

## സ്ഥിതി വിവരകണക്ക്

കെട്ടിടം വിദ്യാർത്ഥികൾ അധ്യാപകർ നിലവിലെ കമ്മറ്റികൾ

മൂന്ന് കോമ്പൗണ്ടുകളിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. എൽ.പി സെഷൻ സ്വന്തം കെട്ടിടത്തിലും യു.പി സെഷൻ വാടക കെട്ടിടത്തിലും ആണ് പ്രവർത്തിക്കുന്നത്.

| **അധ്യാപകർ** | | | **വിദ്യാർത്ഥിളുടെ എണ്ണം** | |
|---|---|---|---|---|
| HM | 1 | | പ്രീപ്രൈമറി | 216 |
| UPSA | 11 | | I | 126 |
| LPSA | 14 | | II | 143 |
| ARABIC | 4 | | III | 105 |
| URUDU PT | 1 | | IV | 108 |
| HINDI | 2 | | V | 163 |
| OA | 1 | | VI | 142 |
| PTCM | 1 | | VII | 146 |
| PET | 1 | | Total | 1151 |

## വിദ്യാർത്ഥികളുടെ സ്ഥിതി വിവര കണക്ക്

| | | KG | 1 | 2 | 3 | 4 | 5 | 6 | 7 | Total | |
|---|---|---|---|---|---|---|---|---|---|---|---|
| | 2025-26 | 216 | 126 | 141 | 105 | 108 | 163 | 144 | 146 | 1151 | |
| | 2024-25 | | | | | | | | | | |
| | 2023-24 | | | | | | | | | | |
| | | | | | | | | | | | |

## വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ- ഡെസ്ക്ടോപ്പ് | 1 | - |
| ലാപ് ടോപ് | 10 | 30 |
| എൽ.സി.ഡി പ്രൊജക്ടർ | 03 | 10 |
| റേഡിയോ | ഇല്ല | - |
| ടി.വി | 3 | 20 |
| വിക്ടർ ചാനൽ ലഭ്യത | ഇല്ല | 2 |
| വിദ്യാലയ വെബ്സൈറ്റ് | ഇല്ല | - |
| ബ്ലോഗ് | ഇല്ല | 01 |
| ഇ–മെയിൽ ഐ.ഡി | ഇല്ല | - |
| സ്മാർട്ട് ക്ലാസ്റൂം | ഇല്ല | 02 |
| ഇൻട്രാക്ടീവ് വൈറ്റ് ബോർഡ് | ഇല്ല | 25 |

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള സംവിധാനങ്ങൾ: നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ സംവിധാനം |
|---|---|
| സബ് കൗൺസിൽ | രണ്ടാഴ്ചയിലൊരിക്കൽ |
| SRG | ആഴ്ചയിലൊരിക്കൽ |
| PTA | 3 മാസത്തിലെരിക്കൽ |
| MPTA | മാസത്തിലൊരിക്കൽ |
| SMC | മാസത്തിലൊരിക്കൽ |
| SMG | ആവശ്യമുള്ളപ്പോൾ |
| സ്കൂൾ വികസന സമിതി | ആവശ്യമുള്ളപ്പോൾ |
| ജാഗ്രത സമിതി | മാസത്തിലൊരിക്കൽ |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | സമയബന്ധിതമായി നന്നായി നട ക്കുന്നു |
| ലൈബ്രറി | കാര്യക്ഷമമായി നടക്കുന്നു |
| ലാബ് പ്രവർത്തനങ്ങൾ | കാര്യക്ഷമമായി നടക്കുന്നു |

## ഞങ്ങളുടെ വിദ്യാലയ വികസന കാഴ്ചപ്പാടുകൾ

- ✓ പാവപ്പെട്ട രോഗികളെ സഹായിക്കുന്ന 'കനിവ്' സാന്ത്വന സ്പർശം പദ്ധതി
- ✓ യു.പി വിഭാഗത്തിന് പ്രത്യേകമായി പുതിയ കമ്പ്യൂട്ടർ ലാബ്
- ✓ എല്ലാ ക്ലാസുമുറികളിലും 'ഒരുചക്രം' പദ്ധതി
- ✓ എൽ.പി പൂർത്തിയാക്കുന്ന എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കും
- ✓ യു.പി വിഭാഗത്തിൽ സ്പോക്കൺ ഇംഗ്ലീഷ് നടപ്പാക്കും
- ✓ തെരെഞ്ഞെടുത്ത കുട്ടികൾക്ക് ബാഡ്മിന്റൺ പരിശീലനം
- ✓ എല്ലാകുട്ടികൾക്കും 'കളരി' 'യോഗ' പരിശീലനം
- ✓ സ്മാർട്ട് ക്ലാസ്സ് റുമുകൾ നിർമ്മിക്കും
- ✓ രക്ഷിതാക്കളെ അഭ്യസ്തവിദ്യരാക്കുന്ന പരിശിലന പരിപാടികൾ
- ✓ ശുചിത്വ ബോധവൽക്കരണം
- ✓ ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കും
- ✓ ഗണിത- ശാസ്ത്ര- സാമൂഹ്യശാസ്ത്ര ലാബ്

## പിന്നാമ്പുറം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്തുണ്ടായ സമഗ്രമാറ്റം പൂർണ്ണമായും ഉൾകൊണ്ട് തതനുസൃതമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ സ്കൂളിൽ ആവിഷ്കരിച്ചു നടപ്പാക്കികൊണ്ടിരിക്കുകയാണ്.

മലപ്പുറം നഗരസഭയിലെ ഏക സർക്കാർ യു.പി സ്കൂളായ ഈ വിദ്യാലയത്തിന്റെ പരിമിതികളും പരാധീനതകളും വാക്കുകൾക്കതീതമാണ്. ഓരോ വർഷവും കൂടിവരുന്ന വിദ്യാർത്ഥികളെ ഉൾകൊള്ളാനോ മെച്ചപ്പെട്ട ഒരു ഭൗതിക സാഹചര്യത്തിൽ പഠന പ്രവർത്തനങ്ങളും പുറംവാതിൽ പഠനവും കായിക പഠനവും ഐ.ടി പഠനവും ശാസ്ത്ര പരീക്ഷണ നിരീക്ഷണ സൗകര്യങ്ങളും ലൈബ്രറി പുസ്തകങ്ങളുടെ ഉപയോഗപ്പെടുത്തലും സാധ്യമല്ലാത്തത് കുട്ടികളോടുള്ള നീതികേടാണ് എന്ന വ്യക്തമായ ബോധ്യമുള്ളതിനാൽതന്നെ നിലവിലെ ലഭ്യമായ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തികൊണ്ട് പരിമിതികളെ അതിജീവിച്ചുകൊണ്ട് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പി.ടി.എ യുടെയും രക്ഷിതാക്കളുടെയും കൂട്ടായ ശ്രമത്തിലൂടെ പാഠ്യ പാഠ്യേതര രംഗത്ത് മികവു പുലർത്താൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ജുമതല |
|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സമ്പത്ത് വളർത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധി കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കല, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അദ്ധ്യാപകൻ |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡ് ഉപയോഗിച്ച് പദങ്ങളുടെയും | ജൂൺ<br>ജൂൺ | മലയാളം അദ്ധ്യാപകൻ |
| നാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തിലേക്ക്**<br>പത്രം, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ചെയ്യുക. | എല്ലാദിവസവും | |

| | | | |
|---|---|---|---|
| | **ക്വസി മത്സരം**<br>വായനാദിനത്തോടനുബന്ധിച്ച് ക്വസ് മത്സരം നടത്തുന്നു. | ജൂൺ | അധ്യാപകൻ |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രാഗാവിഷ്കാരം**<br>പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുക | വർഷം | അധ്യാപകർ |
| | **ആസ്വാദനകുറിപ്പ്**<br>വായിച്ച പുസ്തകത്തിന്റെ ഏറ്റവും മികച്ചതിന്റെ ആസ്വാദനകുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുക | ജൂലായ് | |
| കുട്ടികൾക്ക് കവിത, കഥ എന്നിവ എഴുതാനുള്ള പ്രോത്സാഹനം നൽകുക | **വായനാമൂല**<br>ക്ലാസ്റൂമിൽ വായനാമൂല കുട്ടികൾക്ക് ഇഷ്ടപ്പെട്ട കഥ, കവിത വായിക്കാൻ അവസരം വായനാമൂലയിൽ ടീച്ചർ ഒരു നോട്ട് ബുക്ക് വെക്കുന്നു. എഴുതാൻ താൽപര്യമുള്ള കുട്ടികൾ അതിൽ എഴുതി ഒരു മാസം ആകുമ്പോൾ ഏറ്റവും മികച്ചതിന് സമ്മാനം നൽകുന്നു. | | |
| സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള | കലാകാരൻമാരുമായുള്ള അഭിമുഖ സംഭാഷണവും സംവാദ | അക്കാദമിക വർഷം | |

| | | | |
|---|---|---|---|
| അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | ങ്ങളും സംഘടിപ്പിക്കുന്നുക | | |
| കുട്ടികളിൽ കൃഷിയിൽ താൽപര്യം ഉണ്ടാകാനുള്ള പ്രവർത്തനങ്ങൾ | കൃഷിയുമായി ബന്ധപ്പെട്ട് കുട്ടികൾ വയൽ സന്ദർശിച്ച് കൃഷിയെപറ്റി അറിയാൻ അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | |
| പഠിതാവിൽ നല്ലശീലവും സംസ്കാരവും വളർത്തുന്ന എഴുത്ത് ഉറപ്പുവരുത്തുക | ഡയറി എഴുത്ത് എല്ലാദിവസവും കുട്ടികളെ കൊണ്ട് ഡയറി എഴുതിക്കുന്നു. ദിനചര്യകൾ പരത്തി എഴുതാതെ വേറെ ഡയറികുറിപ്പുകൾ പരിചയപ്പെടുത്തുന്നു. ഉദ: ആൻഫ്രാങ്കിന്റെ ഡയറികുറിപ്പുകൾ അധ്യാപികയുടെ ഡയറികുറിപ്പുകൾ | എല്ലാദിവസവും | |

# ഉറുദു അക്കാദമിക മാസ്റ്റർപ്ലാൻ 2025–26 (യു.പി തലം)

- ഉറുദു ഭാഷാപഠനം ആയാസവും രസകരവുമാക്കി ആസ്വാദനപഠനം കുട്ടികൾക്ക് സാധ്യമാക്കുക
- ഉറുദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സര പരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക
- ഉറുദു ഭാഷാപഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ഉറുദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പ് വരുത്തുക.
- ഉർദു ഭാഷാപഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപാരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കൈയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യഅവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും രചനാശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക

| | പ്രവർത്തനം | പ്രവർത്തനഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഠേം ആഗേം ബഢോം ഉർദു വായന | വായനാ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാ ചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 2 | മേരേ അൽഫാസ് ഉർദു കൈയഴുത്ത് | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗി യുള്ളതുമായ കൈയക്ഷരം എന്നീ ലക്ഷ്യപൂർത്തീകരണ ത്തിനും കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്ന തിനും വേണ്ടി കൈയെ ഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 100 | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| 3 | ഖസാന-എ ഇൽമ് പൊതുവിജ്ഞാനം | പൊതുവായനയും ഉർദുവി ലുള്ളതുമായ പൊതുവി ജ്ഞാനം കുട്ടികളിലെത്തി ക്കുന്നതിനുവേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ് | 200 | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| 4 | ഹംമിലേം ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിക്കു ന്നതിനുതകുംവിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ് | | എച്ച്.എം സബ്ജക്ട് കൗൺസിൽ |

| | പ്രവർത്തനം | പ്രവർത്തനഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 5 | ഉർദു ദിനം | ടാലന്റ് മീറ്റ് കവിത രചന അസംബ്ലി മുതലായവ | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ് | 700 | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| 6 | വായന ആസ്വാദനം | കുട്ടി വായന, ആശയ ധാരണ, പുസ്തക ചർച്ച ക്വിസ് മത്സരം | ഒരു വർഷം | ഉർദു ക്ലബ് | 700 | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| 7 | ദിനാചരണങ്ങൾ | ഭാഷാശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുക | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ് | 500 | എച്ച്.എം സബ്ജക്ട് കൗൺസിൽ |

## ജി. എം. യു. പി സ്കൂൾ മേൽമുറി

## അക്കാദമിക് മാസ്റ്റർ പ്ലാൻ – അറബി

### ആമുഖം

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ മാതൃരാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബി ഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുണ്ട്.

നമ്മുടെ വിദ്യുലയങ്ങളിൽ, മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷാ അധ്യായനവും മുന്നോട്ടു പോകുന്നുവെന്നത് വളരെ അഭിമാനകരമായ വസ്തുതയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർത്ഥി ശാസ്തീകരണത്തിന്റെയും പ്രഥമപടിയായ അക്കാദമിക് മാസ്റ്റർപ്ലാൻ നിർമ്മാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം. ഭാഷാ അധ്യായന മേഖലയിൽ അക്കാദമിക് പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷാ സ്വായത്തമാക്കുവാനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുക എന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യുക എന്നത് ഇതോടൊപ്പം ഉണ്ടാവേണ്ടതാണ്. അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപവിന്യാസത്തിൽ ഉണ്ടാവുന്ന മാറ്റങ്ങളാണ്. അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽവെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന മാസ്റ്റർപ്ലാൻ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടി കളും നേടുക. ഭാഷ യിലെ ഒരേ പോലുള്ള അക്ഷരങ്ങൾ ഉച്ചരിക്കു മ്പോഴും എഴുതു മ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധി ക്കുക രൂപപ്പെടുത്തു കയും ചെയ്യുക | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കു ന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാ ക്കിയ കാർഡുകൾ നൽകുന്നു. ഭാഷ യിൽ പിന്നോക്കം നിൽക്കുന്ന കുട്ടിളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പി ക്കുകയും ചെയ്യൽ. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, കാർഡുകൾ, സിഡികൾ | |
| കുട്ടികളുടെ സർഗാ ത്മക ശേഷി വർദ്ധിപ്പി ക്കുക. | ചിത്രങ്ങൾ, ലഘുകവിതകൾ, കഥകൾ സംഭാഷണം, പദപ്രശ്നം, കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, ചാർട്ടുകൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ഓരോമാസവും കുട്ടികൾ വായനാ താൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. | മാസത്തിലൊരിക്കൽ ക്ലാസ്തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയിഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ പുസ്തകങ്ങൾ | |
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | **യൂണിറ്റ്തല നിഘണ്ടു നിർമ്മാണം** ഓരോ യൂണിറ്റ്തലത്തിൽ വാക്കുകൾ അർത്ഥ സഹിതം ബോർഡിൽ എഴുതി കൊടുക്കുകയും അത് കുട്ടികൾ നോട്ട് പുസ്തകത്തിൽ പകർത്തി എഴുതുകയും ചെയയുക | 6 മാസം | | |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനും വേണ്ടി | **സ്കൂൾ റേഡിയോ** കഥ, പ്രസംഗം, ഗാനം, വാർത്തകൾ അവതരിപ്പിക്കുന്നു | ഒരു വർഷം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| വ്യത്യസ്ത ദിന ങ്ങളെകുറിചചുള്ള ബോധവത്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺമുതൽ മാർച്ച് വരെ | അസംബ്ലി ചാർട്ടുകൾ | |
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴു ക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടിക ളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>• പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷി കളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | 2 മാസം | പുസ്തകങ്ങൾ, വർക്ക് ഷീറ്റു കൾ | ബി.ആർ.സി |
| കരിക്കുലം ലക്ഷ്യംവ ക്കുന്ന അറബിഭാഷാ പഠന നേട്ടങ്ങൾ മുഴു വൻ കുട്ടികളിലും ഉറ പ്പുവരുത്തുക | 2. വായന മത്സരം<br>• വയനാമത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായന കുറിപ്പുകൾ<br>• അറബിക് പത്രവായന | 6 മാസം | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി | ബി.ആർ.സി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | **3. എഴുത്തുത്സവം**<br>• എഴുത്തുകൂട്ടം<br>• പതിപ്പുകളുടെ നിർമ്മാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുവർ ചിത്രങ്ങൾ പോസ്ടറുകൾ<br>• ഭാഷാ കളികൾ | 12 മാസം | അസബ്ലി ചാർട്ടുകൾ | ബി.ആർ.സി |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠനനേട്ടത്തിലൂടെ ഉറപ്പ് വരുത്തുക | • ആശയ വിനിമയ വേദി ക്ലാസ് തലം, സ്കൂൾ തലം<br>• യാത്രകൾ<br>• അറബിക് മേള (നാടകം, മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>• ഭാഷാ കളികൾ, അറബിക് അസംബ്ലി<br>• ഭാഷാ പ്രദർശനം | 24 മാസം | പുസ്തകങ്ങൾ | ബി.ആർ.സി |

# ENGLISH

| | |
|---|---|
| INTRODUCTION | The class room must be organised in such a way as to make the learners participate in the learning activity. The learning process should aim at the all round development of the learners. Children must have some-loss of basic skills learning gap and many other challengers, regarding to listening speaking, reading and writing skills. The following are the activities to develop these skills and overcome the challenges. As a part of it introduce programmes and activities specially targeted to slow pace learners especially in English language. |
| OBJECTIVES | To include all the students in English language learning process<br>To enrich and enhance the language proficiency of the learner<br>To support and motivate the low proficient learners by scaffolding<br>To make the learning process enjoyable to them by group activities, competition<br>and through peer group learning<br>To assist and promote the slow pace learners to upper steam by peer group learning Vijaya sparsam etc. |
| STATUS STUDY & PRE PLANNING | Pre test- grouping- select little mentors in class level pretest- Group level competition- peer group learning- individual attention etc. |

| Area | Aim | Activity | period | Responsibility |
|---|---|---|---|---|
| Read-Think & write | To aware the percent capability of learner in English language | Pre-Test (Reading test and writing test to aware the capability and vocabulary of the learner | Ist week June | English teacher |
| Listening | To improve the listening and understanding skill of the learner in English language | Provide maximum chances to here the English activities to the learner, by which he can improve his listening skills.<br>Audio clips of poem and stories related to the4 unit identify the words from it and compare it with TB | June – February | English Teacher<br>English Club<br>Peer Group<br>Little mentors |
| Reading | Ensure that there is improvement any children in vocabulary, proper pronunciation, reading pattern and reading efficiency | • Read passages and poem in TB properly<br>• Arrange well sufficient reading corner with English poem and stories<br>• News head lines reading competition (through English club provide audio News and text) and find the reader of the month | June<br>March<br><br>June<br><br>Monday - Friday | Language Teachers<br><br>Peer Group<br><br>Littlementors |

| | | | | |
|---|---|---|---|---|
| | | • Utilise peer group and little mentors effectively to help the slow pace learners and give special attention to them to improve their reading skill<br>• Read English story book and let them to write the author of the book main characters, things attract them main theme of the story etc | English period<br><br>June-February | English Club<br><br>Teacher – stident |
| Writing skill | To develop the writing skill of the student bring improvement in describing or expanding an event/ situation etc<br>To improve the ability to write proper sentences and utilise the gained vocabularies in the writing process | • Word Web construction competition- Give particular topic let all the children to construct word web according to their talent conduct competition in each month<br>• Dictionary making based on unit as a continuous activity<br>• English wall paper making competition based on the various activities conducted in sch and | Unit based<br><br>Unit based<br><br>Monthly activity | Teacher-Student<br><br>Student<br><br>Peer group |

| | | | | |
|---|---|---|---|---|
| | | present it in school English assembly<br>• Poster making /invitation card making competitions based on important days.<br>• Reading and making competitions based – To femiliarise the authors, main characters etc of the unit<br>• Convert the unit into cartoon<br>• Able to prepare E mail | English period<br><br>July – Feb<br><br>English period | Student<br><br>Peer Group<br><br>Teacher & Student. |

# ഹിന്ദി

| ഉദ്ദേശ്യം | ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ എഴുതുവാനും വായി ക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക | ഹിന്ദി ഭാഷാഭിരുചി വളർത്തിയെടുക്കൽ | ഹിന്ദി പ്രവേശനോത്സവ ബാനർ പ്രദർശനം വഴി പുതി ഭാഷ പരിചയപ്പെടാ നുള്ള അവസരം ഉണ്ടാക്കുന്നു. | |
| ഹിന്ദി ഭാഷാ പഠനം ലളിത മായ രീതിയിൽ സാധ്യമാ ക്കുന്നു. | അക്ഷരബോധം ഉറപ്പിക്കൽ | ഹിന്ദി ഭാഷ കേൾക്കാനും ലിപികൾ മന സ്സിലാക്കാനും അവസരമൊരുക്കുന്നതി ലൂടെ കുട്ടികളിൽ അക്ഷരബോധം വളർത്തിയെടുക്കാൻ സാധിക്കും | ജൂൺ-ജൂലായ് |
| ഹിന്ദി ഭാഷാ പഠനം രസക രവും ആകർഷകവുമാക്കു വാൻ വേണ്ട പഠന പ്രവർത്തനങ്ങൾ തയ്യാറാ ക്കുന്നു. | വാക്കുകളിലൂടെ വാക്യ ങ്ങളെ പരിചയപ്പെടൽ പാഠ ഭാഗ പരിചയവും സാധ്യമാ ക്കുന്നു. | 5-ാം ക്ലാസിലെ കുട്ടികൾക്ക് അവർ പരിച യപ്പെട്ട വാക്കുകളിലെ അക്ഷരങ്ങൾ ഉപ യോഗിച്ച് അക്ഷര കാർഡ് നിർമ്മാണം 6, 7 ക്ലാസുകളിലെ കുട്ടികൾക്ക് പദ നിർമ്മാണം വാക്യ നിർമ്മാണം | ജൂൺ-ജൂലായ് |
| ഹിന്ദി ഭാഷാ പഠനം ഹിന്ദി ഭാഷ മഹത്വം മനസ്സിലാക്കാ നുള്ള അവസരം നൽകുക | ദിനാചരണങ്ങൾ പരിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചര ണവുമായി ബന്ധപ്പെടുത്തി പോസ്റ്റർ നിർമ്മാണം മാഗസിൻ, വായനാമത്സരം, പ്രശ്നോത്തരി | |
| പ്രത്യേക പരിഗണന അർഹി ക്കുന്ന കുട്ടികൾക്കനുയോജ്യമായ പഠന പ്രവർത്തന ങ്ങൾ നൽകി മികവ് നേടാൽ പ്രാപ്തരാക്കുക | ഉൾചേർന്ന വിദ്യാഭ്യാസം | ഓരോയൂണിറ്റുമായി ബന്ധപ്പെടുത്തി പരി ഗണനാർഹരായ കുട്ടികൾക്ക് അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് ചിത്രം വരക്കൽ, നിറം കൊടുക്കൽ ഇതിനൊക്കെയുള്ള അവസരം നൽകുക | ജൂൺ- മാർച്ച് |

| | | | |
|---|---|---|---|
| വായനാഭിരുചി വർദ്ധിപ്പി ക്കാനുള്ള അവസരം നൽകുക | പാഠഭാഗങ്ങൾ ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പഠിപ്പിച്ചുകൊണ്ട് കുട്ടികളെ വായനയിലേക്ക് ആകർഷി ക്കൽ | ദിനാചരണങ്ങളോടനുബന്ധിച്ചും ക്ലാസ് മുറികളിലെ നിരന്തര പ്രവർത്തനങ്ങ ളായും വായനാ മത്സരങ്ങളും വായിച്ച പാഠഭാഗങ്ങളിലെ ചെറിയ ഭാഗങ്ങൾ നോട്ടുബുക്കിൽ എഴുതിക്കൽ, കേട്ടെഴു ത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ യിലൂടെ വായനയിലേക്ക് കുട്ടകളെ ആകർഷിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക | ജൂൺ- മാർച്ച് |
| ഹിന്ദി ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് നേടി യെടുക്കൽ | ഹിന്ദി ഭാഷാനുകൂല സാഹ ചര്യം വളർത്തൽ | നിത്യജീവിതത്തിലുപയോഗിക്കുന്ന വാക്യ ങ്ങളും വാക്കുകളും പഠിപ്പിച്ചുകൊണ്ട് ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കാൻ വേണ്ടി ഹിന്ദിയിൽ ക്ലസ് എടുക്കുന്നു. | ജൂൺ- മാർച്ച് |
| കുട്ടികളെ സർഗ്ഗാത്മക കിവുകളിലേക്ക് വഴി തെളി യിക്കാനുതകുന്ന പ്രവർത്ത നങ്ങൾ നടത്തും | സർഗ്ഗാത്മക ശേഷി വളർത്തിയെടുക്കുക | കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തിയെടുക്കാനുതകുന്ന പ്രവർത്തന ങ്ങൾ നടത്തുന്ന സുരീലിവാണി ഓഡിയോ ഡോക്യുമെന്റേഷൻ സ്കൂളിൽ നടക്കുന്ന അസംബ്ലിയിൽ കുട്ടികൾ അവത രിപ്പിച്ചു തയ്യാറാക്കിയ പാട്ട്, കവിത, പ്രസംഗം എന്നിവ (ഹിന്ദി) ഓഡിയോ മുഖേന കേൾപ്പിക്കുന്നു. ഇതിലൂടെ കുട്ടി കൾക്ക് ഹിന്ദി ഭാഷ കേൾക്കുവാനും പഠി ക്കുവാനുമുള്ള അവസരം നൽകുന്നു. കൂടാതെ ദിനാചരണങ്ങളിൽ തൊപ്പി നിർമ്മാണം, ചിത്രം വരക്കൽ എന്നിവയും നൽകുന്നു. | ജൂൺ- മാർച്ച് |

| | | | |
|---|---|---|---|
| ശേഖരണമനോഭാവം വളർത്തിയെടുക്കൽ | പഠനോത്സവ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വെക്കൽ | സുരീശി സഞ്ചിക- ഓരോ കുട്ടിയുടെയും പഠന പ്രവർത്തനങ്ങൾ സൂക്ഷിച്ചുവെക്കൽ സരീലിസഞ്ചിക ഉപയോഗിപ്പെടുത്തൽ | ജൂൺ- മാർച്ച |
| ഹിന്ദി സംസാരിക്കാനും അവതരണശൈലി മനസ്സിലാക്കൽ | ഹിന്ദി ഭാഷ ഉപയോഗം സാധ്യമാകുന്നു | മാസത്തിലൊരിക്കൽ ഹിന്ദി അസംബ്ലി, ഹിന്ദി ഭാഷാ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട സ്പെഷൽ അസംബ്ലി അവതരണം. ഇതിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. അതിനുവേണ്ടി കുട്ടികളെ കൊണ്ട് അസംബ്ലി നടത്തുന്നു. | ജൂൺ- മാർച്ച |
| പദസമ്പത്ത്, ഭാഷാ..... വർദ്ധിപ്പിക്കത്തക്ക പ്രവർത്തനങ്ങൾ നടത്തുക | ഹിന്ദി ഭാഷാജ്ഞാനം പ്രയോഗശേഷി/ വർദ്ധിപ്പിക്കൽ | നിരന്തര മൂല്യനിർണ്ണയം നടത്താൻ കേട്ടെഴുത്ത്, വായന ചുമർ പത്രിക നിർമ്മാണം പോസ്റ്റർ നിർമ്മാണം ആശംസാ കാർഡു നിർമ്മാണം എന്നിവ നടത്തുന്നു. | ജൂൺ- മാർച്ച |

# ഗണിതം

| | | | | |
|---|---|---|---|---|
| 1 | • ജാലകം- പരിപോഷണ പരിപാടി<br>• പ്രീ ടെസ്റ്റ് നടത്തുന്നു.<br>• ശരാശരിയിൽ താഴെ നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>• പ്രത്യേക മൊഡ്യൂൾ ഉപയോഗിച്ച് പരിശീലന ക്ലാസ്<br>• മുഴുവൻ കുട്ടികളിലും ചതുഷ്ക്രിയ ശേഷികൾ ഉറപ്പാക്കുന്നു. | ഒരുവർഷം | 5-7 | |
| 2 | ഗണിത ക്ലാസ്- കലനം<br>ഗണിതത്തിൽ തൽപരരായ കുട്ടികളെ ചേർത്ത് ക്ലബ്ബ് രൂപീകരണം | 1 വർഷം | 5-7 | |
| 3 | Do and learn work sheet<br>5, 6, 7 ക്ലാസുകളിലെ പഠന പ്രവർത്തന | 1 വർഷം | 5-7 | |
| 4 | പഠന പ്രവർത്തനങ്ങളുടെ ഭാഗമായി വരുന്ന സാമ ഗ്രികൾ കുട്ടികൾക്ക് സ്വയം കൈകാര്യം ചെയ്യാനു വന്ന വിധം ലാബ് ഒരുക്കുന്നു | 1 വർഷം | | |
| 5 | ഗണിത ക്വിസ്- ഗണിതാക്ഷരി<br>കുട്ടികളിൽ താൽപര്യം വളർത്തുന്നതിനും ഗണി താഭുമുഖ്യം പരിപോഷിപ്പിക്കുന്നതിനുമായി ക്വിസു കൾ നടത്തുന്നു.<br>പ്രാഥമികം : ക്ലാസ്<br>രണ്ടാം തലം: സ്കൂൾ | സെപ്തംബർ ഒക്റ്റോബർ | | |

| | | | | |
|---|---|---|---|---|
| 6 | ഗണിത ദിനാചരണം : Walk with maths<br>സെപ്തംബർ 20 സ്കൂൾ ഗണിത ദിനമായി ആച രിക്കുന്നു. | സെപ്തംബർ | | |
| 7 | Peer Tutoring<br>ഓരേ ക്ലാസിൽ ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൈത്താങ്ങ് പരിശീലനം നൽകുന്നു. | ജൂൺ<br>ജൂലൈ | ഗണിതാ ധ്യാപ കൻ | |
| 8 | Maths Olympad<br>പോയിന്റ് 7 ൽ പരാമർശിച്ച കുട്ടികൾക്ക് ഗണിതാ ധ്യാപകരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിശീലനം | ജൂലൈ<br>ആഗസ്റ്റ് | | |
| 9 | Maths games/ puzzles competition<br>കുട്ടികൾക്കായി നടത്തുന്ന puzzles competition | ഒക്റ്റോബർ | | |
| 10 | Work with maths- ശിൽപശാല<br>ക്ലാസ്റൂമിൽ പരിചയപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാണം | ഒക്റ്റോബർ | | |
| 11 | Explore with maths<br>Geometrical chart, numerical chart, puzzles, still model തുടങ്ങിയവ നിർമ്മിച്ച് | ഒക്റ്റോബർ | | |
| 12 | ഗണിതം മധുരം- പിന്നാക്കം നിൽക്കുന്ന കുട്ടി കൾക്ക് ചതുഷ്ക്രിയകളും ബേസിക്സും ഉറപ്പാ ക്കുന്നതിന് പ്രത്യേക പുസ്തകം തയ്യാറാക്കി പരി ശീലനം. | | | |

| | | | | |
|---|---|---|---|---|
| 13 | യു.എസ്.എസ് പരിശീലനം<br>മികച്ച കുട്ടികളെ കണ്ടെത്തി യു.എസ്.എസ് പരീക്ഷക്കായി പ്രത്യേക പരിശിലനം | | | |
| 14 | മാഗസിൻ<br>ഗണിത വിഭവങ്ങൾ, ഒരു വർഷത്തെ പഠനാനുഭവങ്ങൾ ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം | ജനുവരി<br>ഫെബ്രുവരി | 5,6,7 | |
| 15 | Expert class- IQ തലത്തിൽ മുന്നിൽ നിൽക്കുന്ന | | | |
| 16 | ചോദ്യ ശേഖരം<br>ഓരോ ക്ലാസിലേയും പാഠഭാഗവുമായി ബന്ധപ്പെട്ട് പരമാവധി ചോദ്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക | ജൂൺ<br>മാർച്ച് | | |

# ബേസിക് സയൻസ്

| | പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 5,6,7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | • 5,6,7 ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾകൊള്ളിച്ചുകൊണ്ട് വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു<br>• നിരന്തരമായ മൂല്യനിർണയത്തിനാവശ്യമായിട്ടുള്ള ടൂളുകൾ യൂണിറ്റ് ടെസ്റ്റുകൾ എന്നി നടത്തുന്നു.<br>• ഉപകരണ നിർമ്മാണ ശിൽപശാല<br>• ക്ലാസ്സ് ലാബുകൾ തയ്യാറാക്കുന്നു. | 2025 ലെ ആദ്യ പാദം<br>എല്ലാവർഷവും<br>എല്ലാവർഷവും | 40000 | സയൻസ് ക്ലബ്<br>SRG | |
| 2 | ശാസ്ത്രത്തിന്റെ പ്രക്രിയ ശേഷികളിൽ മുഴുവൻ കുട്ടികളേയും ഉയർന്ന നിലവാരത്തിലെത്തിക്കുക. | • സ്കൂൾലാബ് ശാക്തീകരണം<br>• വിഭവ ശേഖരണം<br>• എല്ലാക്ലാസുകളിലും ക്ലാസ് ശാസ്ത്ര ലാബ്, ശാസ്ത്ര കോർണർ, ശാസ്ത്ര പരീക്ഷ | എല്ലാവർഷവും<br>എല്ലാവർഷവും<br>ഒക്റ്റോബർ 15<br>APJ Abdul kalam birth day world students | | PTA Science club<br>സ്റ്റാഫുകൾ | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രൊജക്ടഡ് |

| | | | | | | |
|---|---|---|---|---|---|---|
| | | ണങ്ങൾ ഉൾപ്പെടുന്ന പെഡഗോജിക് പാർക്ക് തയ്യാറാക്കൽ<br>• സയൻസ് മാജിക് ഷോകൾ<br>• ഓരോ കുട്ടികൾക്കും ശാസ്ത്ര കിറ്റ് | day<br>എല്ലാവർഷവും | | | ആയിട്ടുള്ള ചിത്രങ്ങളിലൂടെയുള്ള പഠനം |
| 3 | ശാസ്ത്ര സർഗ്ഗാത്മകതക്കുള്ള കുറവ് | • സ്കൂൾ ശാസ്ത്ര ലൈബ്രറി<br>• വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകൾ<br>• ശാസ്ത്ര നാടകങ്ങൾ, പരീക്ഷണ കളരികൾ, തെരുവ് നാടങ്ങൾ, സെമിനാറുകൾ, ചർച്ചകൾ, ചർച്ചാ വേദികൾ, ശാസ്ത്ര നാടൻ പാട്ടുകളുടെ അവതരണം, ശാസ്ത്ര സംബന്ധിയായ നൃത്ത ശിൽപശാലകൾ<br>• റീൽസ്കൾ നിർമ്മിച്ച് യൂ-ട്യൂബിലിൽ അപ് ലോഡ് ചെയ്യാം<br>• ഡിജിറ്റൽ പോസ്റ്റർ നിർമ്മാണം | എല്ലാവർഷവും | 30000 | PTA<br>പൂർവ്വ വിദ്യാർത്ഥികൾ<br>സയൻസ് ക്ലബ്<br>രക്ഷിതാക്കൾ | |
| 4 | ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിലേ കുറവ് പരിഹരിക്കുക | • ബ്ലണ്ഡഡ് ടീച്ചിംഗിനാവശ്യമായിട്ടുള്ള ഡിജിറ്റൽ സൗകര്യങ്ങൾ<br>• ഐ.സി.ടി വിഭവങ്ങൾ തയ്യാറാക്കൽ | എല്ലാവർഷവും | 20000 | | |

| | | | | | | |
|---|---|---|---|---|---|---|
| | | • ഡിജിറ്റൽ ടി.എം കൾ തയ്യാറാക്കൽ<br>• ശാസ്ത്ര ആപ്പുകളുടെ നിർമ്മാണം | | | | |
| 5 | കുട്ടികളുടെ ശാസ്ത്രീയ മനോഭാവം കുറയുന്നു. | • വായന നിരീക്ഷണ ക്ലാസുകൾ സംഘടിപ്പിക്കുന്നു<br>• അങ്ങാടികൾ കേന്ദ്രീകരിച്ചു ശാസ്ത്ര സന്ധ്യകൾ (ചർച്ചകൾ, പ്രസംഗങ്ങൾ, സംവാദങ്ങൾ)<br>• ഫീൽഡ് ട്രിപ്പ് | എല്ലാവർക്കും | 10000 | PTA<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്കൂളുമായി ബന്ധപ്പെട്ട നാട്ടുകാർ, വാർഡ് മെമ്പർ, കൃഷി ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ് | |
| 6 | സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | • സ്കൂൾ പ്ലനിറ്റേറിയം<br>• പാഠഭാഗത്തിലെ ചുമർ ചിത്രങ്ങൾ വരക്കുക | 2024-25 | 60000 | PTA<br>പൂർവ്വ വിദ്യാർത്ഥികൾ<br>ചിത്രം വരയ്ക്കാൻ കഴിയുന്ന അധ്യാപകർ | |

# Academic Master Plan
# Social Science

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | ജൂൺ | |
| 2 | പഠിതാക്കളെ ചരിത്രാവബോധം ഉള വാക്കി മാറ്റിയെടുക്കുക | ഫീൽഡ് ട്രിപ്പ്<br>ഐ.സി.ഭി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ | |
| 3 | നിറയുന്ന ഭൂപടം | പാഠഭാഗവുമായി ബന്ധപ്പെട്ട് ലോകരാജ്യ ങ്ങളുടെ അടിസ്ഥാന വിവര ശേഖരണം | അക്കാദമിക വർഷം | |
| 4 | എന്റെ അറ്റ്ലസ് | ഓരോ പഠിതാവിനും അറ്റ്ലസ് നൽകു ന്നു. സംസ്ഥാനങ്ങൾ, രാജ്യങ്ങൾ നന്നിവ യുടെയെല്ലാം ഭൂമിശാസ്ത്രപരമായ സ്ഥാനങ്ങൾ മനസ്സിലാക്കുക | അക്കാദമിക വർഷം | |

| | | | | |
|---|---|---|---|---|
| 5 | രാജ വംശങ്ങളുടെയും രാജാക്കൻമാരുടെയും ആൽബം തയ്യാറാക്കുന്നു | മധ്യകാല ഇന്ത്യയിലെ രാജാക്കൻമാരുടെയും രാജവംശങ്ങളുടെയും ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക. | ജൂൺ- മാർച്ച് | |
| 6 | സഞ്ചാരികളെ പട്ടികപ്പെടുത്തുന്നു. | മധ്യകാലഘട്ടത്തിൽ ഇന്ത്യയിൽ വന്ന സഞ്ചാരികളെയും ആ കാലഘട്ടത്തിലെ രാജാക്കൻമാരെയും പട്ടികപ്പെടുത്തുന്നു. | | |
| 7 | ഭൂപ്രകൃതി വിഭവങ്ങൾ- ചാർട്ട് | കേരളത്തിലെ ഭൂപ്രകൃതിക്കും മണ്ണിനും കാലവസഥയ്ക്കും അനുയോജ്യമായ വിഭവങ്ങളുടെയും ചാർട്ട് തയ്യാറാക്കുന്നു. | | |
| 8 | അക്ഷാംശ-രേഖാംശം | ഗ്ലോബിൽ അക്ഷാംശ രേഖാംശങ്ങൾ നിരീക്ഷിച്ച് പന്തിൽ അടയാളപ്പെടുത്തുന്നു. | | |
| 9 | സ്മാരക സന്ദർശനം | കേരളത്തിലെ ചരിത്രപരമായ സ്മാരകങ്ങൾ സന്ദർശിക്കുന്നു. | | |
| 10 | സ്വാതന്ത്ര്യ ദിനാഘോഷം | സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ സന്ദർശിക്കൽ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് 5,6,7 ക്ലാസുകളിലെ കുട്ടികൾക്ക് മെഗാ ക്വിസ് സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | |

| | | | | |
|---|---|---|---|---|
| 11 | സ്കൂൾ പാർലമെന്റ് തെരെഞ്ഞെടുപ്പ് | തെരെഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ കുട്ടികൾ തിരിച്ചറിയുന്നു. | അക്കാദമിക വർഷം | |
| 12 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | |
| 13 | പ്രകൃതി ദുരന്തങ്ങൾ, മനുഷ്യ നിർമ്മിതി ദുരന്തങ്ങൾ എന്നിവയെകുറിച്ച് മനസ്സിലാക്കുന്നു. | ഐ.സി.ടി സാധ്യതകളുപയോഗിച്ച് പ്രദർശനം പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെകുറിച്ച് മനസ്സിലാക്കുന്നു. രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | അക്കാദമിക വർഷം | |
| 14 | ലോക ഭൂപടം | ലോക ഭൂപടം നിരീക്ഷിച്ച് ഭൂഖണ്ഡങ്ങൾ സമുദ്രങ്ങൾ എന്നിവ തിരിച്ചറിയൽ | അക്കാദമിക വർഷം | |
| 15 | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെകുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാക്കുക | സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്ക് റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീവിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | |
| 16 | പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം | പഴയ വസ്ത്രങ്ങൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കാനുള്ള പരിശിലന ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | |

| | | | | |
|---|---|---|---|---|
| 17 | ഗ്ലോബ് നിർമ്മാണം | ഗ്ലോബിൽ അക്ഷരാംശ രേഖാംശങ്ങൾ ഭൂഖണ്ഡങ്ങൾ എന്നിവ അടയാളപ്പെടുത്തൽ | അക്കാദമിക വർഷം | |
| 18 | ആൽബം തയ്യാറാക്കൽ | സൂര്യൻ, ഗ്രഹങ്ങൾ, കൃത്രിമോപഗ്രഹങ്ങൾ മറ്റ് ആകാശ ഗോളങ്ങൾ എന്നിവയെ സംബന്ധിച്ച പഠനങ്ങളുടെ വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | |
| 19 | സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർ ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പെതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര മത്സരങ്ങൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | |